പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5205 27.6.2019 ൽ മറുപടിയ്ക്ക്

# സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണം

ചോദ്യം മറുപടി

ശ്രീ.സി.എഫ്.തോമസ് കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണവും സ്കൂളുകളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളും സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ;<br>(ബി) ഈ യോഗത്തിലുണ്ടായ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്കുള്ള ഗ്രാന്റ് വിതരണവും സ്കൂളുകളുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളും സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20.6.2019 ന് യോഗം ചേർന്നിട്ടുണ്ട്. ഈ യോഗത്തിന്റെ നടപടിക്കുറിപ്പ് അംഗീകരിക്കേണ്ടതായുണ്ട്. |
| (സി) ഈ സ്കൂളുകൾക്ക് നൽകിയിരുന്ന ഗ്രാന്റ് തുടർച്ചയായി മുടങ്ങിയിരിക്കുന്നതുമൂലം ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ഡി) ഈ സ്കൂളുകൾക്കുള്ള ഗ്രാന്റ് അടിയന്തരമായി നൽകി ഇപ്പോഴത്തെ പ്രതിസന്ധി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) & (ഡി)<br><br>മാനസികവെല്ലുവിളി നേരിടുന്നവരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു:മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27.11.2017 തീയതിയിൽ കൂടിയ യോഗ തീരുമാന പ്രകാരം മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് തയ്യാറാക്കുകയും തുടർന്ന് 9.8.2018 തീയതിയിൽ ബഹു:മുഖ്യമന്ത്രിയുടെ ചേംബറിൽ കൂടിയ മീറ്റിംഗിൽ പ്രസ്തുത പാക്കേജ് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു.<br>ആരോഗ്യ, വിദ്യാഭ്യാസ, തദ്ദേശസ്വയം ഭരണ, സാമൂഹ്യനീതി, ധനവകുപ്പ് സെക്രട്ടറിമാരുടെ യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടി ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണെന്നും ടി മാർഗ്ഗരേഖ ബന്ധപ്പെട്ട മന്ത്രിമാരുടെ അംഗീകാരത്തോടെ ബഹു:മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണെന്നും ഈ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. |

| | |
|---|---|
| | സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ഓരോ സ്കൂളുകളിലേയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഇതിനോടനുബന്ധിച്ച് ചീഫ് സെക്രട്ടറി യുടെ അദ്ധ്യക്ഷതയിൽ 20.6.2019 ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ ആലോചനായോഗം നടന്നു. ഈ യോഗത്തിന്റെ തീരുമാനങ്ങൾക്ക വിധേയ മായി ടി സമഗ്ര പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ